പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 437** — 27/02/2018 ൽ മറുപടിക്ക്

# പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി. ജോയി** | | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വ്യവസായ വകുപ്പിനുകീഴിലുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ നിന്നും ലാഭത്തിലേക്കായിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വ്യവസായ വകുപ്പിനുകീഴിലുള്ള ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ടെൽക്ക്, ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ നിന്നും 2016-17 വർഷം ലാഭത്തിൽ പ്രവർത്തിച്ചത്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാം എന്നറിയിക്കാമോ; | | |
| (സി) | നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം; | (സി) | 2016-17 വർഷത്തെ കണക്ക് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന 27 പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷമേ ലഭ്യമാകുകയുള്ളൂ |
| (ഡി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (ഡി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുൾപ്പെടെയുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ |

സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരികയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നവീന സാങ്കേതിക വിദ്യകൾ നടപ്പിൽ വരുത്തുന്നതിനും ആധുനികവത്ക്കരണ വിപുലീകരണ പദ്ധതികൾക്കുമാണ് മുൻ തൂക്കം നൽകിയിരിക്കുന്നത്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾക്കുൾപ്പടെയുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജ്മെൻറിനെ ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് പ്രവർത്തന പുരോഗതി കൈവരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടെക്സ്റ്റൈൽ രംഗത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾക്കായി 15 കോടി രൂപയുടെ അധിക ധനസഹായം 2016-17ൽ നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു.

സെക്ഷൻ ഓഫീസർ